# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/192/2017 2017 സെപ്റ്റംബർ 14

## പത്രക്കുറിപ്പ്

എം ജി പി.ജി. ഏകജാലകം രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹത നേടിയവർ ഈ മാസം 18 നു വൈകുന്നേരം നാലു മണിക്കു മുൻപായി പ്രവേശനം നേടണം.

മഹാത്മാഗാന്ധി സർവ്വകലാശാല ഏകജാലകം വഴി 2017-ൽ പി.ജി. പ്രവേശനത്തിനുളള രണ്ടാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് ഔട്ട് എടുത്ത് ഈ മാസം 18 നു വൈകുന്നേരം നാലു മണിക്കകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യ പത്രങ്ങൾ സഹിതം ഹാജരായി പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ മാസം 18-നകം ഫീസ് ഒടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിനു ശേഷം 'കൺഫർമേഷൻ സ്ലിപ്' കോളേജധികൃതരിൽ നിന്നും ചോദിച്ചു വാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്നുറപ്പു വരുത്തേണ്ടതുമാണ്.

ഒന്നാം വർഷ പി.ജി ക്ലാസ്സുകൾ 18- ന് ആരംഭിക്കും.

അഫിലിയേറ്റഡ് കോളേജുകളിൽ 2017-18 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ പി ജി ക്ലാസ്സുകൾ ഈ മാസം 18-ന് ആരംഭിക്കുന്നതാണ്.

പ്രൈവറ്റ് ബി.എ/ബി.കോം അപേക്ഷ തീയതി

സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ കീഴിൽ നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ, സി.ബി.സി.എസ്.എസ് റഗുലർ/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ 2017 ഒക്ടോബർ മാസത്തിൽ നടത്തും. സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 27 വരെയും, 50 രൂപ പിഴയോടെ 28 വരെയും, 500 രൂപ സൂപ്പർ ഫൈനോടെ ഒക്ടോബർ 4 വരെയും അപേക്ഷിക്കാം. പേപ്പറൊന്നിന് 20 രൂപ വീതം (പരമാവധി- 100രൂപ) സിവി ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം. അപേക്ഷ ഫോം സർവ്വകലാശാല വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡു ചെയ്യാം. ഫോമിന്റെ വിലയായി 20 രൂപയും അടയ്ക്കണം. ബി എ അപേക്ഷകൾ പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ- IV നും, ബി.കോം അപേക്ഷകൾ പരീക്ഷ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ X-നും നേരിട്ട് സമർപ്പിക്കണം. വൈകി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

പരീക്ഷാ തീയതി

ഒന്നു മുതൽ അഞ്ചു വരെ സെമസ്റ്റർ എം.സി.എ ( അഫിലിയേറ്റഡ് കോളേജുകളിലെ, പഴയ സ്കീം 2007 & 2008 അഡ്മിഷൻകാർക്കുളള അവസാന മേഴ്സി ചാൻസും, 2009 & 2010 അഡ്മിഷൻ വിദ്യാർത്ഥികൾക്കനുവദിച്ച രണ്ടാം മേഴ്സി ചാൻസും) ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ 27 മുതൽ ആരംഭിക്കും.

പരീക്ഷാഫലം

2016 ജൂലൈ മാസത്തിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം എ ഇക്കണോമിക്സ് (പ്രൈവറ്റ്, പ്രൈവറ്റ് സപ്ലിമെന്ററി, നോൺ സി എസ് എസ് സപ്ലിമെന്ററി, മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 26 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം എസ് സി ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ് റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. തൃക്കാക്കര

ഭാരതമാതാ കോളേജിലെ നീതു പാർവതി കെ പി, മണിമലക്കുന്ന് റ്റി.എം ജേക്കബ് മെമ്മോറിയൽ ഗവ: കോളേജിലെ ലക്ഷ്മി രാജൻ, സേതു മാധവി പി.എസ് എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർ മൂല്യ നിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 3 വരെ അപേക്ഷിക്കാം.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)